LIBRARY ARCHIVES Kerala Legislative Assembly

**യുവഹരിതം പദ്ധതി**

311 (685) ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. പി. സി. വിഷ്ണുനാഥ് :
ശ്രീ. കെ. എസ്. ശബരീനാഥൻ :
ശ്രീ. വി. റ്റി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് യുവഹരിതം പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് പദ്ധതി വഴി നടപ്പാക്കാനുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട് ; വിശദമാക്കുമോ ?

ഉത്തരം

(എ) ഇല്ല.

(ബി&സി) ചോദ്യം ഉദിക്കുന്നില്ല.

**യുവജനക്ഷേമ പദ്ധതികൾ**

312 (686) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ യുവജന ക്ഷേമത്തിനായി ഈ സർക്കാർ എന്തെല്ലാം നടപടികൾ ആണ് സ്വീകരിച്ചതെന്ന് വിശദീകരിക്കാമോ ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ഓരോ ജില്ലയിലും നടപ്പിലാക്കിയ യുവജനക്ഷേമ പദ്ധതികൾ എന്തെന്ന് വ്യക്തമാക്കുമോ ;

(സി) പട്ടികവർഗ്ഗ, പട്ടികജാതി മറ്റു പിന്നോക്ക സമുദായ യുവജനങ്ങൾക്കായി എന്തെല്ലാം പ്രത്യേക പദ്ധതികൾ ആണ് നടപ്പിലാക്കിയത് ;

(ഡി) 1-7-2006 മുതൽ 31-10-2015 വരെയുള്ള കാലയളവിൽ യുവജന ക്ഷേമത്തിനായി എത്ര തുക ചെലവഴിച്ചു എന്നത് വാർഷികാടിസ്ഥാനത്തിൽ വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ&ബി) സംസ്ഥാനത്തെ യുവജനക്ഷേമത്തിനായി കേരള സർക്കാർ യുവജനനയം പ്രഖ്യാപിച്ചിട്ടുണ്ട്. കേരളോത്സവം, ഗോത്രായനം, ലഹരി വിരുദ്ധ ബോധവൽക്കരണ പ്രവർത്തനങ്ങൾ, ദേശീയോദ്ഗ്രഥന ക്യാമ്പ്, ജോബ് ഫെസ്റ്റ്, അക്ഷരയുവത്വം, യുവ മാധ്യമ പ്രവർത്തക ക്യാമ്പ്, ഇന്റർനാഷണൽ യൂത്ത് എക്സ്ചേഞ്ച് പ്രോഗ്രാം, ചലച്ചിത്ര ക്യാമ്പ്, യൂത്ത് എക്സിബിഷൻ, സാഹസിക പ്രവർത്തനങ്ങൾ, വനിതാശിൽപശാല, ഡി.റ്റി.പി./പി.എസ്.സി. ഓൺലൈൻ പരിശീലനം, പരിസ്ഥിതി ദിനാചരണം, പേപ്പർബാഗ് നിർമ്മാണ പരിശീലനം, നാടിക, യുവജനദിനാചരണം, സംരംഭകത്വ പരിശീലനം, സാഹസിക ഫോട്ടോഗ്രാഫി അവാർഡ്, യൂത്ത് അവാർഡ്, സ്ത്രീ സുരക്ഷാ പരിശീലനം, നാടൻ കലാമേള, കളരിപ്പയറ്റ് പഠനം, സ്വയംതൊഴിൽ ബോധവൽക്കരണ ക്യാമ്പയിനുകൾ, ക്യാമ്പസ് ലീഡേഴ്സ് ക്യാമ്പ്, പ്രീ-ഡിപ്പാർച്ചർ ഓറിയന്റേഷൻ പ്രോഗ്രാം, വ്യക്തിത്വ വികസന പരിശീലന ക്യാമ്പ്, ഇശൽ പെരുമ, ഗോത്രവർഗ്ഗ യുവതികൾക്കായുള്ള ശിൽപ്പശാല, സിവിൽ സർവ്വീസ് ഓറിയന്റേഷൻ പ്രോഗ്രാം, ചിത്രസൂത്ര (ചിത്ര രചനാ ക്യാമ്പ്), യൂത്ത് ലീഡർഷിപ്പ് ക്യാമ്പ്, സകർമ്മ, സ്പോർട്സ് കിറ്റ്, ജീവദായിനി (സൗജന്യ രക്തദാന പദ്ധതി) തുടങ്ങിയ യുവജനക്ഷേമ പ്രവർത്തനങ്ങളാണ് കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് നടപ്പിലാക്കിവരുന്നത്.

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം യുവജനക്ഷേമ പദ്ധതികളുടെ ഭാഗമായി എല്ലാ ജില്ലകളിലും സംരംഭകത്വ വികസന പദ്ധതി, സ്പോർട്സ് കിറ്റ് വിതരണം, ഡി.റ്റി.പി. പരിശീലനം, യുവജന ക്ലബ്ബുകൾക്കുള്ള സ്വയംതൊഴിൽ, ബോധവൽക്കരണം, കാർഷിക പദ്ധതികൾക്കുള്ള ധനസഹായം, വ്യക്തിത്വ വികസന ക്യാമ്പ്, സിവിൽ സർവ്വീസ് ഓറിയന്റേഷൻ പ്രോഗ്രാം, ഡി.റ്റി.പി. ഓൺലൈൻ പരിശീലനം, പരിസ്ഥിതി ദിനാചരണം, നാടിക (നാടക പഠന കളരി) തുടങ്ങിയ പദ്ധതികൾ എല്ലാ ജില്ലകളിലും സംഘടിപ്പിച്ചിട്ടുണ്ട്. ഇതുകൂടാതെ സംസ്ഥാന തലത്തിൽ ഗോത്രതാളം (ഗോത്രകലാമേള), മാധ്യമ ക്യാമ്പ്, വനിതാ ക്യാമ്പ്, സാഹിത്യ ക്യാമ്പ്, സാഹസിക പ്രവർത്തനങ്ങൾ, പ്രീ-ഡിപ്പാർച്ചർ ഓറിയന്റേഷൻ പ്രോഗ്രാം, ഇശൽ പെരുമ, ഗോത്രവർഗ്ഗ യുവതികൾക്കായുള്ള ശിൽപ്പശാല, ചിത്രസൂത്ര, യൂത്ത് ലീഡർഷിപ്പ് ക്യാമ്പ്, നാടൻകലാ പരിശീലനം, നാഷണൽ ഇന്റഗ്രേഷൻ ക്യാമ്പ് തുടങ്ങിയ പരിപാടികൾ സംസ്ഥാനതലത്തിൽ ഓരോ ജില്ലകളിലും വച്ച് സംഘടിപ്പിച്ചിട്ടുണ്ട്.

യുവജന കമ്മീഷന്റെ രൂപീകരണത്തെത്തുടർന്ന് 2014-15 മുതൽ മദ്യം-മയക്കുമരുന്ന് ദുരുപയോഗം, റാംഗിംഗ്, സൈബർ കുറ്റകൃത്യങ്ങൾ എന്നിവയ്ക്കെതിരേയും റോഡ് സുരക്ഷ, മാനസികാരോഗ്യം എന്നിവ സംബന്ധിച്ചും യുവാക്കൾക്കിടയിൽ ബോധവൽക്കരണ പ്രവർത്തനങ്ങൾ, സെമിനാറുകൾ എന്നിവ എല്ലാ ജില്ലകളിലും നടത്തിവരുന്നുണ്ട്. കല/സംസ്കാരം,

സാഹിത്യം, കൃഷി, സാമൂഹ്യ സേവനം, വ്യവസായം/സാങ്കേതിക വിദ്യ, കായികം തുടങ്ങിയ മേഖലകളിൽ ഉന്നതമായ നേട്ടങ്ങൾ കൈവരിച്ച യുവാക്കളെ ആദരിക്കുന്നതിനായി യൂത്ത് ഐക്കൺ അവാർഡ് നൽകുന്ന പദ്ധതി നടപ്പാക്കിവരുന്നുണ്ട്.

(സി) കേരളത്തിലെ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ജനങ്ങൾക്ക് ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിലുള്ള ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങൾ സന്ദർശിക്കുവാനും വിവിധ ഭാഷാ സംസ്കാരങ്ങൾ നേരിട്ട് മനസ്സിലാക്കുന്നതിനും വേണ്ടി പട്ടികവർഗ്ഗ ഭാരതദർശൻ യാത്ര സംഘടിപ്പിച്ചു.

ഗോത്രവർഗ്ഗ തനത് സാംസ്കാരിക മൂല്യങ്ങളെയും വ്യത്യസ്തമായ ആചാരാനുഷ്ഠാന വിശ്വാസങ്ങളെയും തനത് കലകളെയും പരിചയപ്പെടുത്തുക എന്ന ലക്ഷ്യത്തോടുകൂടി കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് ഗോത്രവർഗ്ഗ കലാമേള സംഘടിപ്പിച്ചുവരുന്നു. വിവിധ സംസ്ഥാനങ്ങളിലെ ഗോത്രവർഗ്ഗ കലകളുടെ അവതരണം, എക്സിബിഷൻ, സെമിനാറുകൾ, സാഹസിക പരിപാടികൾ, ഭക്ഷ്യമേള, ഫ്ലവർ ഷോ, മാധ്യമ സെമിനാർ, ആദരണീയം, ചലച്ചിത്രോത്സവം, മെഗാഷോ എന്നിവ ഇവയുടെ ഭാഗമായി സംഘടിപ്പിച്ചു. രാജസ്ഥാൻ, തമിഴ്നാട്, കർണ്ണാടക, ആന്ധ്രാപ്രദേശ് എന്നീ സംസ്ഥാനങ്ങളിൽ നിന്നും 100-ഓളം ആദിവാസി ഗോത്രവർഗ്ഗ യുവജനങ്ങളും കേരളത്തിലെ വിവിധ ജില്ലകളിൽ നിന്നുള്ള ആദിവാസി വിഭാഗത്തിൽപ്പെട്ട 500-ഓളം യുവജനങ്ങളും മാനന്തവാടിയിൽ വച്ച് നടന്ന മേളയിൽ വിവിധ സംസ്ഥാനങ്ങളിലെ ആദിവാസി തനത് കലാരൂപങ്ങൾ അവതരിപ്പിക്കുകയും ചെയ്തു. നാടൻ കലാരൂപങ്ങളെ പുനരുജ്ജീവിപ്പിക്കുന്നതിനും പുതുതലമുറയ്ക്ക് പരിചയപ്പെടുത്തുന്നതിനുമായി കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് സംഘടിപ്പിക്കുന്ന പരിപാടിയാണ് നാടൻ കലാമേള. നാടൻ കലകളുടെ അവതരണം, പരിശീലനം, സെമിനാറുകൾ, ചർച്ചകൾ, സംവാദങ്ങൾ എന്നിവ ഇതിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. യുവജനക്ഷേമ ബോർഡിന്റെ ആഭിമുഖ്യത്തിൽ ആലപ്പുഴ ജില്ലയിലെ ബുധനൂർ കീർത്തന ഓഡിറ്റോറിയത്തിൽ വച്ച് സംഘടിപ്പിച്ച 'കാപ്പൊലി' പരിപാടിയിൽ നാടൻ കലാമേള സംഘടിപ്പിക്കുകയും ചെയ്തു.

യുവജന കമ്മീഷൻ പട്ടികജാതി പട്ടികവർഗ്ഗ മറ്റു പിന്നോക്ക വിഭാഗങ്ങളുടെ അവകാശങ്ങളെക്കുറിച്ചും അവർക്ക് സർക്കാർ നൽകുന്ന സേവനങ്ങളെക്കുറിച്ചും ബോധവൽക്കരിക്കുന്ന പരിപാടികൾ ജില്ലകളിൽ നടപ്പിലാക്കിവരുന്നുണ്ട്.

(ഡി) 1-7-2006 മുതൽ 31-10-2015 വരെയുള്ള കാലയളവിൽ യുവജന ക്ഷേമത്തിനായി യുവജന ബോർഡും യുവജനകമ്മീഷനും ചെലവഴിച്ച തുകയുടെ വിവരം ചുവടെ ചേർക്കുന്നു:

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ്

| വർഷം | ചെലവഴിച്ച തുക (ലക്ഷം) |
|---|---|
| 2006-07 | 290 |
| 2007-08 | 314 |
| 2008-09 | 500 |
| 2009-10 | 420 |
| 2010-11 | 800 |
| 2011-12 | 697.19 |
| 2012-13 | 1036.05 |
| 2013-14 | 1283.63 |
| 2014-15 | 1402.79 |
| 2015-16 | 500.00 (ഒക്ടോബർ വരെ) |

കേരള സംസ്ഥാന യുവജന കമ്മീഷൻ

| വർഷം | ചെലവഴിച്ച തുക (ലക്ഷം) |
|---|---|
| 2014-15 | 31.15 |
| 2015-16 | 3.64 |

**ആറ്റിങ്ങൽ മണ്ഡലത്തിൽ യുവജനകാര്യവകുപ്പ് നടപ്പിലാക്കിയ പദ്ധതികൾ**

313(687) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കായ്ബംഗ്ലാവുകളും മൃഗശാലകളും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരമേറ്റശേഷം ആറ്റിങ്ങൽ മണ്ഡലത്തിൽ യുവജനകാര്യവകുപ്പ് ഏതെല്ലാം പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടെന്ന് വിശദമാക്കുമോ ;

(ബി) ഒറ്റൂർ ഗ്രാമപഞ്ചായത്തിലുൾപ്പെട്ട നീറുവിളയിൽ സ്റ്റെൽ പദ്ധതിയിലുൾപ്പെടുത്തി കളിസ്ഥലം നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ ?